(ഡി) പദ്ധതി അവാർഡ് ചെയ്യുന്ന മുറയ്ക്ക് മാത്രമേ ഒരു യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിക്കുവാൻ എത്രരൂപ ചെലവ് വരുമെന്ന് അറിയുവാൻ സാധിക്കുകയുള്ളൂ.

വൈദ്യുതോപഭോഗം കുറയ്ക്കുന്നതിന് നടപടി

24 (6475) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതോപഭോഗം കുറയ്ക്കുന്നതിന് എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിവരുന്നതെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുതനടപടികൾ എത്രത്തോളം ഫലപ്രദമാണെന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ) വൈദ്യുതി ഉപഭോഗം കുറയ്ക്കുന്നതിനായി പൊതുജനങ്ങളുടെ വിശേഷിച്ച് സ്കൂൾ വിദ്യാർത്ഥികളുടെ പങ്കാളിത്തത്തോടും സഹകരണത്തോടുംകൂടി വാഭ്രപ 2014 (സീസൺ-2) എന്ന പദ്ധതി നടപ്പിലാക്കി. 2014 മാർച്ച് 1 മുതൽ മേയ് 31 വരെയാണ് വാഭ്രപ 2014 (സീസൺ 2) -ന്റെ പദ്ധതി കാലയളവ്. ഈ പദ്ധതിയിൽ വിഭാവന ചെയ്തിരിക്കുന്ന സമ്മാന പദ്ധതി ചുവടെ ചേർക്കുന്നു :

1. പദ്ധതിയിൽ രജിസ്റ്റർ ചെയ്യുന്നവർക്കെല്ലാം പ്രോത്സാഹന സമ്മാനമായി ഓരോ സി.എഫ്.എൽ.വീതം.

2. പദ്ധതിയിൽ പങ്കാളികളായി തങ്ങളുടെ ശരാശരി ഉപഭോഗത്തേക്കാൾ ഉപഭോഗം പരമാവധി കുറയ്ക്കുന്ന ആദ്യത്തെ 5000 പേർക്ക് ഓരോ സൗരോർജ്ജ വാന്തലും പിന്നീടുള്ള 50000 പേർക്ക് ഓരോ സി.എഫ്. എൽ. വീതവും.

3. ഏറ്റവും കൂടുതൽ കുട്ടികളെ പങ്കെടുപ്പിക്കുകയും അവരുടെ വീടുകളിലെ വൈദ്യുതി ഉപഭോഗം 20 ശതമാനത്തിലധികം കുറപ്പിക്കുയും അതുവഴി ഏറ്റവും കൂടുതൽ വൈദ്യുതിലാഭം വരുത്തുകയും ചെയ്യുന്ന ഓരോ റവന്യൂ ജില്ലയിലേയും ആദ്യത്തെ പത്ത് സ്കൂളുകൾക്ക് ഗ്രിഡുമായി ബന്ധിപ്പിക്കാവുന്ന (ഗ്രിഡ് ടൈഡ്) അഞ്ച് കിലോവാട്ടിന്റെ സൗരോർജ്ജ പ്ലാന്റ്, 20 ശതമാനത്തിൽ കൂടുതൽ വൈദ്യുതി ലാഭം വരുത്തുകയും എന്നാൽ സമ്മാനം ലഭിക്കാതെയും പോകുന്ന സ്കൂളുകൾക്ക് ഇതേ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള പകുതി ചെലവ് കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് വഹിക്കും. സമ്മാനാർഹരാകുന്ന സ്കൂളുകളിലെ വാഭ്രപ കോ-ഓർഡിനേറ്റർമാരായ അദ്ധ്യാപകർക്ക് പ്രോത്സാഹനമായി ഓരോ സൗരോർജ്ജ വാന്തലും ബഹുമതിപത്രവും നൽകും.

LIBRARY ARCHIVES Kerala Legislative Assembly

ലാഭപ്രഭ 2014 (സീസൺ-2) പദ്ധതിയിൽ 193000 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇവർ ഓരോരുത്തർക്കും ഓരോ സി.എഫ്.എൽ. നൽകാനുള്ള നടപടി പുരോഗമിക്കുന്നു. പദ്ധതിപ്രകാരം സമ്മാനാർഹരെ നിശ്ചയിക്കുന്നതിന് വൈദ്യുതി ഉപഭോഗത്തിലുണ്ടായ വ്യത്യാസം കണക്കാക്കുന്നത് 2 വൈദ്യുതി ബില്ലുകളിലെ ഉപഭോഗത്തിലുണ്ടായ കുറവ് പരിഗണിച്ചാണ്. പുതിയ അദ്ധ്യയന വർഷം തുടങ്ങിയശേഷം രണ്ടാമത്തെ വൈദ്യുതി ബില്ലിന്റെ കോപ്പിയും പദ്ധതിയിൽ പങ്കാളിയായ കുട്ടികളുടെ വിവരങ്ങളും അതാത് സ്കൂളുകളിൽനിന്നു ലഭിച്ചശേഷം മാത്രമേ സമ്മാനാർഹരെ കണ്ടെത്താൻ കഴിയൂ.

സംസ്ഥാനം നേരിടുന്ന ഊർജ്ജപ്രതിസന്ധി പരിഹരിക്കുന്നതുമായി ബന്ധപ്പെട്ട് ഊർജ്ജക്ഷമത ഉറപ്പുവരുത്തുന്നതിനും കാര്യക്ഷമത യോടുകൂടി വൈദ്യുതി ഉപഭോഗം പ്രോത്സാഹിപ്പിക്കുന്നതിനും വൈദ്യുതി ശൃംഖലയിലെ വൈദ്യുതിനഷ്ടം പരമാവധി കുറയ്ക്കു ന്നതിനും മെച്ചപ്പെട്ട വൈദ്യുതി തടസ്സംകൂടാതെ നൽകുന്നതിനുമുള്ള പ്രവർത്തനങ്ങൾക്കുവേണ്ടി കെ.എസ്.ഇ.ബി.യിൽ എനർജി സേവിംഗ്സ് കോ-ഓർഡിനേഷൻ ടീം (എസ്കോട്) എന്ന ഒരു വിഭാഗം രൂപീകരിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ വിവിധ മേഖലയിലുള്ള ഉപഭോക്താക്കളിൽ എനർജി ആഡിറ്റ് നടത്തി ഊർജ്ജ ഉപയോഗം കുറയ്ക്കുന്ന പ്രവർത്തനങ്ങളിൽ ESCOT ഏർപ്പെടുന്നു. . അതുപോലെ വൈദ്യുതി ശൃംഖലയിലെ ഊർജ്ജനഷ്ടം കുറയ്ക്കുന്നതിനുവേണ്ടിയു ള്ള വിവിധ പഠനങ്ങളിലും ഈ വിഭാഗം ഏർപ്പെടുന്നുണ്ട്.

(ബി) 2013 മാർച്ച് 23-ന് തുടക്കംകുറിച്ച ലാഭപ്രഭ 2013 (സീസൺ-1) പദ്ധതിയിൽ പങ്കാളികളായ 1,39,101 (ഒരുലക്ഷത്തി മുപ്പത്തിയൊമ്പതിനായിരത്തി ഒരുനൂറ്റിഒന്ന്) ഉപഭോക്താക്കളിൽ 27,385 പേർ തങ്ങളുടെ ഉപഭോഗത്തിൽ സാരമായ കുറവ് വരുത്തുകയും 20,654 പേർ ഉപഭോഗം വർദ്ധിക്കാതെ പിടിച്ചുനിർത്തുകയും ചെയ്തു. 2013 മാർച്ച് 23-ന് ആരംഭിച്ച് മേയ് 31-ന് അവസാനിച്ച ലാഭപ്രഭ കാമ്പയിൻ പീരിയഡിൽ ആകെ 13,98,750 (പതിമൂന്ന് ലക്ഷത്തി തൊണ്ണൂറ്റി എട്ടായിരത്തി എഴുന്നൂറ്റി അമ്പത്) യൂണിറ്റിന്റെ കുറവ് രേഖപ്പെടുത്തി. 24 ഫീഡറുകൾ കേന്ദ്രീകരിച്ച് നടത്തിയ നോ-റോഡ്ഷെഡ്ഡിംഗ് കാമ്പയിനിൽ പത്ത് ഫീഡറുകളിൽനിന്ന് മാത്രമായി 8.82 ലക്ഷം യൂണിറ്റിന്റെ ലാഭവും രേഖപ്പെടുത്തി. മൊത്തം ലാഭം : ഉദ്ദേശം 22,80,750 (ഇരുപത്തിരണ്ട് ലക്ഷത്തി എൺപതിനായിരത്തി എഴുന്നൂറ്റി അൻപത്) യൂണിറ്റ്. ലാഭപ്രഭ പദ്ധതിയിൽ രജിസ്റ്റർ ചെയ്തവരിൽ 27,381 (ഇരുപത്തി ഏഴായിരത്തി മുന്നൂറ്റി എൺപത്തിയൊന്ന്) പേർ ഫെബ്രുവരി-മാർച്ച് മാസങ്ങളെ അപേക്ഷിച്ച് ഏപ്രിൽ-മേയ് മാസങ്ങളിൽ ഉപഭോഗത്തിൽ കുറവ് രേഖപ്പെടുത്തി.

28/2016

LIBRARY ARCHIVES Kerala Legislative Assembly

ഫെബ്രുവരി മാസത്തെ ഉപഭോഗം: 101864.37 യൂണിറ്റ്.

ഏപ്രിൽ-മേയ് മാസത്ത് ഉപഭോഗം: 81592.6 യൂണിറ്റ്.

നോ-ലോഡ്ഷെഡ്ഡിംഗ് കാമ്പയിൻ, ലാഭപ്രഭ എന്നീ പദ്ധതികൾമൂലം ഉപഭോഗം 20 ശതമാനം വരെ കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. 2013 മാർച്ചിൽ പ്രതിദിനം ശരാശരി 62 ദശലക്ഷം യൂണിറ്റാണ് ഉപഭോഗം പ്രതീക്ഷിച്ചതെങ്കിലും ശരാശരി 58.85 ദശലക്ഷം യൂണിറ്റിന്റെ ഉപഭോഗമേ ഉണ്ടായിട്ടുള്ളൂ. 2013 മേയ് മാസത്തിൽ പ്രതിദിനം 59.9 ദശലക്ഷം യൂണിറ്റ് ഉപഭോഗം പ്രതീക്ഷിച്ചെങ്കിലും ശരാശരി 57.185 ദശലക്ഷം യൂണിറ്റായിരുന്നു യഥാർത്ഥ ഉപഭോഗം. ഉപഭോഗത്തിലുണ്ടായ ഗണ്യമായ കുറവ് ലാഭപ്രഭയ്ക്ക് ഉപഭോക്താക്കളിൽനിന്നും നല്ല പ്രതികരണമാണ് ലഭിച്ചത് എന്നതിന്റെ തെളിവാണ്. ഊർജ്ജസംരക്ഷണ ബോധവൽക്കരണ പരിപാടി എന്ന നിലയിൽ ലാഭപ്രഭയിലൂടെ കേരളത്തിലെ മുഴുവൻ ജനങ്ങളേയും വൈദ്യുതി ലാഭിക്കാൻ പ്രേരിപ്പിക്കുകയും ഇതുവഴിയുണ്ടാകുന്ന ലാഭം ഉപഭോക്താവുമായി പങ്കുവെയ്ക്കുകയുമായിരുന്നു ലക്ഷ്യം. സംസ്ഥാനത്തെ ആദ്യത്തെ വൈദ്യുതി ഉപഭോഗ സാക്ഷരതാ പരിപാടി എന്ന നിലയിൽക്കൂടിയാണ് ലാഭപ്രഭ നടപ്പാക്കിയത്. ഈ പദ്ധതിയുടെ സന്ദേശം എല്ലാവരിലും എത്തിയെന്നതുതന്നെ ഇതിന്റെ വിജയത്തെയാണ് സൂചിപ്പിക്കുന്നത്. ESCOT-ന്റെ പ്രവർത്തനങ്ങളിലൂടെ ഊർജ്ജ ഉപഭോഗം പരമാവധി കുറയ്ക്കാനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

വിവിധ ജലവൈദ്യുതപദ്ധതികൾക്കുള്ള പാരിസ്ഥിതികാനുമതി

25 (6476) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൂയംകുട്ടി ജലവൈദ്യുത പദ്ധതി, അതിരപ്പിള്ളി, അച്ചൻകോവിൽ, കുറിയാർകുട്ടി-കാരപ്പാറ, പാത്രക്കടവ് എന്നീ പദ്ധതികളുടെ പുരോഗതി വിശദമാക്കുമോ ;

(ബി) ഇവയ്ക്ക് പാരിസ്ഥിതികാനുമതി ലഭ്യമായിട്ടുണ്ടോ ; ഇതിനായി എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ ?

ഉത്തരം

(എ&ബി) പ്രസ്തുതപദ്ധതികളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. പദ്ധതികൾക്ക് വനംപരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ലഭിക്കേണ്ടതായുണ്ട്. ആയതിനാൽ പദ്ധതികളുടെ നിർമ്മാണപ്രവർത്തനം ആരംഭിക്കുവാൻ സാധിച്ചിട്ടില്ല. പദ്ധതികളുടെ പാരിസ്ഥിതികാനുമതിക്കായി സ്വീകരിച്ച നടപടികൾ താഴെ കൊടുക്കുന്നു :

പൂയംകുട്ടി ജലവൈദ്യുത പദ്ധതി (210 മെഗാവാട്ട്)

പ്രൊഫ. മാധവ് ഗാഡ്ഗിൽ അദ്ധ്യക്ഷനായ ഡബ്ല്യൂ. ജി. ഇ. ഇ. പി. റിപ്പോർട്ടിന്റെയും കസ്തൂരിരംഗൻ അദ്ധ്യക്ഷനായ എച്ച്.എൽ.ഡബ്ല്യൂ.ജി. റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം കൈക്കൊള്ളുന്ന നടപടിയെ ആശ്രയിച്ച് മാത്രമേ പാരിസ്ഥിതിക അനുമതി ലഭിക്കാനുള്ള നടപടി സ്വീകരിക്കാൻ കഴിയുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly